"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എറണാകുളം, പാമ്പാക്കട എം.ടി.എം.എച്ച്.എസ്-ലെ എൽ.ജി ഹിന്ദി അധ്യാപികയായിരുന്ന ശ്രീമതി.സ്മിത സ്കറിയ തസ്തികയില്ലാതെ പുറത്തുനിന്ന കാലയളവ് നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.4731/2025/GEDN തീയതി,തിരുവനന്തപുരം, 18-07-2025

---

പരാമർശം:- 1. 20/06/2022 തീയതിയിലെ സ.ഉ. (അച്ചടി) നം. 7/2022/പൊ.വി.വ

2. 03/06/2024 തീയതിയിലെ സ.ഉ. (അച്ചടി) നം. 16/2024/പൊ.വി.വ.

3. എറണാകുളം പാമ്പാക്കട എം.ടി.എം.എച്ച്.എസ്-ലെ എൽ.ജി. ഹിന്ദി അദ്ധ്യാപികയായിരുന്ന ശ്രീമതി. സ്മിത സ്കറിയ സമർപ്പിച്ച 29/12/2024-ലെ അപേക്ഷ.

4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 11/04/2025-ലെ ഇ.സി3/7155/2025/ഡി.ജി.ഇ നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം പാമ്പാക്കട എം.ടി.എം.എച്ച്.എസ്-ൽ 2024-25 അധ്യയന വർഷം തസ്തിക നിർണയ പ്രകാരം ഒരു ഡിവിഷൻ കുറയുകയും ആയതിന്റെ ഫലമായി ഒരു എൽ.ജി ഹിന്ദി അധ്യാപക തസ്തികയും ഒരു യു.പി.എസ്.റ്റി തസ്തികയും നഷ്ടപ്പെടുകയും, എൽ.ജി ഹിന്ദി അധ്യാപികയായ ശ്രീമതി.സ്മിത സ്കറിയയെ കുറുപ്പംപടി എം.ജി.എം.എച്ച്.എസ്.എസ്-ലേയ്ക്ക് എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ പുനർവിന്യസിക്കുകയും, തുടർന്ന് ശ്രീമതി.സ്മിത സ്കറിയ 02/12/2024 ൽ പുനർവിന്യസിക്കപ്പെട്ട സ്കൂളിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ശ്രീമതി.സ്മിത സ്കറിയ തസ്തിക നഷ്ടപ്പെട്ട് പുറത്തു നിന്ന 17/10/2024 മുതൽ 01/12/2024 വരെയുള്ള കാലയളവ് അർഹതപ്പെട്ട അവധിയായി ക്രമീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി.സ്മിത സ്കറിയ സമർപ്പിച്ച പരാമർശം (1) അപേക്ഷ, 20/06/2022 ലെ സ.ഉ.(അച്ചടി) നം.7/2022/പൊ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നോൺ ഡ്യൂട്ടിയായി ക്രമീകരിയ്ക്കുന്നതിനായി ശിപാർശ ചെയ്ത് പരാമർശം (2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേക്ക് ലഭ്യമാക്കിയിരുന്നു.

2) സർക്കാർ പ്രസ്തുത വിഷയം നിലവിലുള്ള ചട്ടങ്ങളുടെയും, ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചു. ശ്രീമതി.സ്മിത സ്കറിയ തസ്തിക നഷ്ടപ്പെട്ട് പുറത്തു നിന്ന 17/10/2024 മുതൽ 01/12/2024 വരെയുള്ള കാലയളവ് പരാമർശം (1), പരാമർശം (2) സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിക്കുന്ന പ്രകാരം നോൺഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ASWATHY K
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, എറണാകുളം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, മൂവാറ്റുപുഴ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
ശ്രീമതി.സ്മിത സ്കറിയ, എൽ.ജി. ഹിന്ദി, എം.ടി.എം.എച്ച്.എസ് പാമ്പാക്കുട, എറണാകുളം - 686 667
പ്രധാനാധ്യാപകൻ, എം.ടി.എം.എച്ച്.എസ് പാമ്പാക്കുട, എറണാകുളം - 686 667
ധനകാര്യ വകുപ്പ് (26.06.2025 ലെ 3142286/വിദ്യാ-എ1/84/2025-ധന കുറിപ്പ് പ്രകാരം)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 18-07-2025 13:40:03
സെക്ഷൻ ഓഫീസർ